(ഡി) വർദ്ധിച്ച വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരുമാന സ്ലാബ് വർദ്ധിപ്പിക്കാതിരിക്കാൻ കാരണമെന്താണ് ;

(ഇ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗിനു ഇന്നു എടുക്കുന്ന വരുമാന സ്ലാബ് പുതുക്കി ഇന്നത്തേതിനേക്കാൾ 5 ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്തുകളുടെ വരുമാനത്തെ ആസ്പദമാക്കിയാണ് അവയുടെ ഗ്രൂപ്പിംഗ് നടത്തുന്നത്. ഒരു ലക്ഷം രൂപയ്ക്കു മുകളിൽ വാർഷികവരുമാനമുള്ള പഞ്ചായത്തുകളെ സ്പെഷ്യൽ ഗ്രേഡ് ആയും അൻപതിനായിരത്തിനും ഒരുലക്ഷത്തിനുമിടയ്ക്ക് വരുമാനമുള്ള പഞ്ചായത്തുകളെ ഒന്നാം ഗ്രേഡായും ഇരുപതിനായിരത്തിനും അൻപതിനായിരത്തിനും ഇടയ്ക്കു വരുമാനമുള്ള പഞ്ചായത്തുകളെ രണ്ടാം ഗ്രേഡായും ഇരുപതിനായിരത്തിനു താഴെ വരുമാനമുള്ള പഞ്ചായത്തുകളെ മൂന്നാം ഗ്രേഡായും തരംതിരിച്ചിട്ടുണ്ട്.

(ബി) 1962-ൽ

(സി) 1971-ൽ ഏർപ്പെടുത്തിയ ലാൻഡ് സെസ് പിരിക്കുവാൻ തയ്യാറായ പഞ്ചായത്തുകളുടെ വാർഷിക വരുമാനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ എല്ലാ പഞ്ചായത്തുകളുടെയും വരുമാനം എടുത്തുപറയത്തക്കവിധം വർദ്ധിപ്പിക്കുവാനുള്ള നികുതികളൊന്നും പഞ്ചായത്തുകൾ ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ലാൻഡ് സെസ് പിരിക്കുന്നത് പഞ്ചായത്തുകളുടെ ഇഷ്ടത്തെ ആശ്രയിച്ചാണ്. അതുകൊണ്ട് മൊത്തത്തിൽ പഞ്ചായത്തുകളുടെ വരുമാനം ശാശ്വതമായി വർദ്ധിക്കാത്തതുകൊണ്ട് വരുമാന സ്ലാബ് വർദ്ധിപ്പിച്ചിട്ടില്ല.

(ഇ) പഞ്ചായത്തുകളുടെ ഗ്രൂപ്പിംഗ് സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റമാവശ്യമുണ്ടോ എന്നുള്ളതു ഗവൺമെൻറ് യഥാസമയം പരിഗണിക്കുന്നതാണ്.

മുന്നറിയിപ്പുകൂടാതെ ജലവിതരണം സ്തംഭിപ്പിച്ചതായി പരാതി

1078 [1722] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : കാഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ കോഴിക്കോട് സന്ദർശനത്തിനോടനുബന്ധിച്ച് ഫയർ സർവീസുകാർക്കു വെള്ളം ശേഖരിക്കുന്നതിനായി പൊതുജനങ്ങൾക്കു യാതൊരു മുന്നറിയിപ്പും കൂടാതെ 26 മണിക്കൂർ നേരത്തേക്കു കോർപ്പറേഷൻ അധികാരികൾ പട്ടണത്തിൽ വെള്ളം വിതരണം ചെയ്തില്ല എന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ തെറ്റു ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ എടുത്തുവോ ;

(സി) ഭാവിയിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില പ്രദേശങ്ങളിൽ അല്പം പസമയത്തേയ്ക്കു ജലദൗർല്ലഭ്യമുണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) നടപടി എടുക്കത്തക്ക വീഴ്ച ഈ കാര്യത്തിൽ സംഭവിച്ചിട്ടില്ല.

(സി) വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതാണ്.

മിൽമയുടെ പാൽ വിതരണം

1079 [1724] ശ്രീ. ലോനപ്പൻ നമ്പാടൻ ; താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

തിരുവനന്തപുരം ഡയറിയിൽ പാൽ വിതരണം കൂടുമ്പോൾ എറണാകുളം ഡയറിയിൽ അതിന്റെ അളവ് കുറഞ്ഞുവരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കഴിഞ്ഞ മൂന്നു കൊല്ലത്തെ സ്ഥിതിവിവരക്കണക്കനുസരിച്ച് തിരുവനന്തപുരം ഡയറിയിൽ പാൽ വിതരണം കൂടുമ്പോൾ എറണാകുളം ഡയറിയിൽ വിതരണത്തിന്റെ അളവ് കുറഞ്ഞിട്ടുള്ളതായി കാണുന്നില്ല.

മിൽമയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി

1080 [1725] ശ്രീ. കെ. സുകുമാരനുണ്ണി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എല്ലാ ജില്ലയിലേക്കും മിൽമയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ വല്ല പരിപാടിയുമുണ്ടോ ?

ഉത്തരം

മിക്കവാറും എല്ലാ ജില്ലകളിലും ഇപ്പോൾ തന്നെ മിൽമയുടെ പ്രവർത്തനം നടക്കുന്നുണ്ട്. എന്നാൽ പാൽ വിതരണവും പാൽ സംഭരണവും എല്ലാ ജില്ലകളിലും മിൽമ ഏറ്റു നടപ്പാക്കിയിട്ടില്ല.

പൗൾട്രി ഫാമുകൾ

1081 [1726] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1975-76, 1976-77, 1977-78 വർഷങ്ങളിൽ സംസ്ഥാനത്തുള്ള ഓരോ പൗൾട്രി ഫാമിലെയും വരവു ചെലവു കണക്കുകൾ പറയാമോ ;

(ബി) ഫാമുകൾ ആരംഭിച്ചതുമുതൽ ഇന്നുവരെ സ്റ്റോറിനു വന്ന നഷ്ടം എത്രയാണ് ;

(സി) ഈ ഫാമുകൾ നിറുത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly